നിരോധന കാലത്ത് തൊഴിലിലേർപ്പെടാനാവാത്ത അവസ്ഥ വരുന്നുണ്ട്. എന്നാൽ ബോട്ടിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ നല്ലൊരു സംഖ്യ യന്ത്രവൽകൃത വള്ളങ്ങളിൽ ഈ കാലയളവിൽ മത്സ്യബന്ധനത്തിന് പോവുന്നുണ്ട്.

(ബി) ഉദ്ദേശം 50,000 ത്തോളം തൊഴിലാളികൾക്ക് തൊഴിലില്ലാതെ വരുമെന്നു കണക്കാക്കുന്നു. ഇവരെ ആശ്രയിച്ചു കഴിയുന്ന ഏകദേശം ഒന്നര ലക്ഷം പേരുണ്ട്.

(സി) ട്രോളിംഗ് നിരോധന കാലത്ത് ഇവർക്ക് പൊതുവെ വരുമാനം കുറവാണ്. സ്വയംതൊഴിലുറപ്പെടെയുള്ള വിവിധ ക്ഷേമ പദ്ധതികളും വിവിധ ഏജൻസികൾവഴി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കുന്നതും ട്രോളിംഗ് നിരോധന കാലത്ത് പ്രയോജനപ്പെടുത്താവുന്നതാണ്.

(ഡി) സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം 600 രൂപ അടയ്ക്കുന്നവർക്ക് കേന്ദ്ര വിഹിതം ഉൾപ്പെടെ 1,200 രൂപ ഈ സമയത്ത് വിതരണം ചെയ്യുന്നുണ്ട്.

(ഇ) ട്രോളിംഗ് സമയത്ത് സൗജന്യ റേഷൻ നൽകുവാനുള്ള നടപടി ഇപ്പോൾ നിലവിലില്ല.

## മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

114 [2724] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷക്കാലങ്ങളിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് അസൗകര്യമായതിനാൽ ഇവർക്ക് ഈ കാലത്ത് സൗജന്യ റേഷൻ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ, ബി) ഇല്ല. എന്നാൽ സാഹചര്യങ്ങളുടെ സ്വഭാവമനുസരിച്ച് അടിയന്തിര ഘട്ടങ്ങളിൽ സൗജന്യ റേഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ റവന്യൂ വകുപ്പ് മുഖേന നൽകാറുണ്ട്.

## മൽസ്യ മേഖലാ വികസന നയം

115 [2725] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിസ്ഥിതി പരിപാലനത്തിനും മത്സ്യമേഖലാ വിഭവ സംരക്ഷണത്തിനും മുൻതൂക്കം നൽകുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഒരു മത്സ്യമേഖലാ വികസന നയം ആവിഷ്കരിക്കുകയുണ്ടായോ;

(ബി) എങ്കിൽ അവ നടപ്പിലാക്കുകയുണ്ടായോയെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly